ലക്കം 4

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## മഹാബിംബം – ദൈവരാജ്യത്തെക്കുറിച്ചുള്ള ദാനിയേൽ പ്രവചനം

"ഇതത്രേ സ്വപ്നം, അർത്ഥവും അടിയങ്ങൾ തിരുമനസ്സ് അറിയിക്കാം" (ദാനി. 2: 36). ഭൂമിയിലുണ്ടായിരുന്നതിൽ എറ്റവും വലിയതും ശക്തനുമായ നെബൂഖദ്നേസർ എന്നു ബാബിലോണ്യ രാജാവിനോട് ദാനിയേൽ പ്രവാചകൻ സംസാരിച്ചതിപ്രകാരമാണ്. ഒരു സ്വപ്നം കണ്ട് മറന്നുപോയ രാജാവിന്റെ മനസ്സ് വ്യാകുലപ്പെട്ട ദൈവീക പ്രേരണമൂലം ദാനിയേൽ സ്വപ്നവും അർത്ഥവും വെളിപ്പെടുത്തി.

ഒരു മനുഷ്യരൂപത്തിൽ ഒരു മഹാബിംബം തന്റെ മുമ്പിൽ നിൽക്കുന്നതായി രാജാവ് സ്വപ്നത്തിൽ കണ്ടു. ആ ബിംബത്തിന്റെ തല സ്വർണ്ണമായിരുന്നു. കൈകളും നെഞ്ചും വെള്ളി കൊണ്ടുള്ളതും വയറും തുടയും താമ്രം കൊണ്ടുള്ളതും കാലുകൾ ഇരുമ്പുകൊണ്ടും പാദങ്ങൾ കളിമണ്ണു കൊണ്ടും ഇരുമ്പുകൊണ്ടും മിശ്രിതമായി നിർമ്മിച്ചവയായിരുന്നു. ഈ മഹാബിംബം പ്രതിനിധീകരിക്കുന്നത് തുടർന്നുവരുവാൻ പോകുന്ന നാല് പ്രാപഞ്ചിക രാജവംശങ്ങളെ കുറിച്ചാണെന്ന് ദാനിയേൽ വിശദീകരിച്ചു.

ബിംബത്തിന്റെ തങ്കനിർമ്മിതമായ തല പ്രതിനിധാനം ചെയ്യുന്നത് മഹത്തായ ബാബിലോണ്യ ചക്രവർത്തിയായ നെബുഖദ്നേസറിനെയാണ്. നിമ്രോദിനാൽ സ്ഥാപിക്കപ്പെട്ട പുരാതന അസീറിയൻ രാജവംശത്തിൽ വച്ച് എറ്റവും വലിയതും മഹത്തരമായ ഒരു രാജവംശം തന്നെയായിരുന്നു നെബുഖദ്നേസരിന്റേത്. ബി.സി. 606 മുതൽ 561 വരെയുള്ള സമൃദ്ധമായ കാലഘട്ടമായിരുന്നു നെബുഖദ്നേസരിന്റെ ഭരണകാലഘട്ടം.

ബാബിലോണിന്റെ അധ:പതനത്തെ കുറിച്ചും അതിനെ തുടർന്നുണ്ടാകുന്ന രണ്ടാമത്തെ വലിയ രാജവംശത്തെക്കുറിച്ചും ദാനിയേൽ പ്രവചിച്ചു പറഞ്ഞു. ബി.സി. 538–ൽ മേദ്യരാജാവായ ദാര്യാവേശും പാർസിരാജാവായ കോരേശും സഖ്യം ചേർന്ന് ബാബിലോണിനെ ആക്രമിച്ചു കീഴ്പ്പെടുത്തുകവഴി ദാനിയേലിന്റെ പ്രവചനം നിവർത്തിയായി (ദാനി. 5: 31). ഇത് മേദ്യാ




പേർഷ്യാ ഭരണത്തിന് വഴിതെളിച്ചു. പ്രസ്തുത ഭരണം ബിംബത്തിന്റെ താമ്രംകൊണ്ടുള്ള കയ്യും നെഞ്ചും പ്രതിനിധീകരിക്കുന്നു.

ബി.സി. 330–കളിൽ എത്തിയപ്പോഴേക്കും മഹാനായ അലക്സാണ്ടർ ചക്രവർത്തി കരുത്താർജ്ജിച്ച് പേർഷ്യാ സാമ്രാജ്യത്തെ ഒന്നടങ്കം ആക്രമിച്ചു കീഴ്പ്പെടുത്തിക്കൊണ്ട് ഗ്രീക്ക് സാമ്രാജ്യം വൻശക്തിയായി നിലവിൽ വന്നു. ബിംബത്തിന്റെ താമ്രം കൊണ്ടുള്ള തുടയും വയറും ഗ്രീക്ക് സാമ്രാജ്യത്തെയാണ് പ്രതിനിദാനം ചെയ്യുന്നത്. അലക്സാണ്ടർ ചക്രവർത്തിയുടെ മരണത്തോടെ പ്രസ്തുത സാമ്രാജ്യം തകരുകയും തന്റെ സൈന്യത്തിലെ നാല് നേതാക്കന്മാരുടെ പേരിലായി വിഭജിക്കപ്പെടുകയും ചെയ്തു. കാലക്രമേണ ഗ്രീക്ക് സാമ്രാജ്യം ക്ഷയിക്കുകയും 146 ബി.സിയിൽ റോമാക്കാരുടെ ആക്രമണത്തിനിരയാകുകയും ചെയ്തു.

സാമ്രാജ്യശക്തികളിൽ റോമാ സാമ്രാജ്യമായിരുന്നു അവസാനമായി അവശേഷിച്ചത്. ബിംബത്തിന്റെ ഇരുമ്പുകൊണ്ടുള്ള കാൽ റോമാസമ്രാജ്യത്തെ സൂചിപ്പിക്കുന്നു. ഇരുമ്പും കളിമണ്ണും കൊണ്ടുള്ള പാദങ്ങൾ റോമാസാമ്രാജ്യത്തിന് ശേഷമുള്ള ആഭ്യന്തര അരാജകത്വത്തെയും അസ്ഥിരതയെയും വിളിച്ചറിയിക്കുന്നു. കാലക്രമേണ റോമൻ സാമ്രാജ്യം ശക്തിക്ഷയിച്ചുകൊണ്ട് പത്തു ചെറിയ രാജ്യങ്ങളായി വിഭജിച്ചുപോകുകയും ചെയ്തു. അതിനുശേഷം അതുപോലുള്ള രാജത്വങ്ങളെ കുറിച്ചുള്ള ഒരു പ്രവചനവും ഉരുത്തിരിഞ്ഞില്ല.

അഗസ്തോസ് കൈസരുടെ അധീനതയിൽ റോമാസാമ്രാജ്യം ലോകം മുഴുവനും കീഴടക്കിയ കാല


| | | | | |
|---|---|---|---|---|
| പത്രാധിപ ലേഖനം | വേദപുസ്തക പഠന സഹായി : ദൈവരാജ്യം പേജ് 4<br>ബൈബിൾ പഠന ഉപപാഠം | ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രവചനം | ചോദ്യവും ഉത്തരവും: എന്താണ് യെശയ്യാവ് 11–ാം അദ്ധ്യായത്തിന്റെ ശരിയായ അർത്ഥം? | നിങ്ങൾക്കറിയാമോ? തക്കസമയത്തു പറഞ്ഞ വാക്ക് |
| പേജ് 3 | പേജ് 5 – 6 | പേജ് 7 | പേജ് 8 – 9 | പേജ് 10 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ഘട്ടത്താണ് യേശുക്രിസ്തു ഭൂജാതനായത്. ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്ക് ഏൽപ്പിക്കപ്പെടുകയില്ല. അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലിൽക്കുകയും ചെയ്യും" (ദാനി. 2: 44) എന്ന് ദാനിയേൽ പ്രവചിച്ചിരുന്നതാണ്.

നെബുഖദ്നേസർ രാജാവ് ഒരു സ്വപ്നം കണ്ടു. അതായത്, കൈതൊടാതെ ഒരു കല്ല് പർവ്വത ഉയരത്തിൽ നിന്നും അടർന്ന് വന്ന് ആ മഹാബിംബത്തിൽ വന്ന് പതിക്കുകയും അത് തകർന്നുടഞ്ഞുപോകുകയും ചെയ്തു. എന്നാൽ ആ കല്ല് വളർന്ന് വളർന്ന് ഒരു മഹാപർവ്വതമായി ഭൂമിയിൽ നിറഞ്ഞു. ലോകമഹാന്മാരായ രാജാക്കന്മാരുടെ കാലത്തു വരാനിരിക്കുന്ന ദൈവരാജ്യത്തെ കുറിച്ചുള്ള പ്രവചനമാണിത്.

വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്ന കല്ല് യേശുവിനെയാണ് സൂചിപ്പിക്കുന്നത് (അപ്പൊ. 4: 11). അവൻ ഒരു കന്യകയിൽ ജന്മമെടുക്കുകയും അവൻ വളരുന്നതോടൊപ്പം അവന്റെ രാജത്വവും നിലവിൽ വരുമെന്ന് പ്രവാചകനായ യെശയ്യാവ് മുൻകൂട്ടി പ്രവചിക്കുകയും ചെയ്തു. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു..... ആധിപത്യം അവന്റെ തോളിൽ ഇരിക്കും.... അവന്റെ ആധിപത്യത്തിന് അവസാനം ഉണ്ടാകയില്ല" (യെശ. 9: 6-7).

നാല് ലോകമഹാസാമ്രാജ്യങ്ങൾ ഒന്നിന് പുറകെ മറ്റൊന്നായി വീണു തകർന്നു. എന്നാൽ ഒരിക്കലും തകരാത്ത ഒരു രാജത്വവും അതേ കാലയളവിൽ ആവിർഭവിക്കുകയും വളരുകയും ചെയ്തു. അതാണ് യേശുക്രിസ്തുവിന്റെ രാജത്വം. അത് ഭൗമീക രജത്വമല്ല. ഒരിക്കലും അവസാനിക്കാത്ത, സ്വർഗ്ഗീയമായതും ആത്മീകമായതുമത്രെ. ലോകം മുഴുവനും പ്രസ്തുത സുവിശേഷ സന്ദേശം വ്യാപിച്ചകൊണ്ടിരിക്കുകയാണ്. ഭരണാധികാരികൾ പലരും ഈ ക്രിസ്തീയ മാർഗ്ഗത്തെ തുടച്ചു നീക്കുവാൻ പരിശ്രമിച്ചു. എന്നാൽ ക്രിസ്തുവിന്റെ മാർഗ്ഗം ഇന്നും പടർന്നു വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ഈ ഭൂമിയിൽ ദൈവരാജ്യം ഭാവിയിൽ ആഗതമാകുമെന്ന് ഇന്ന് പലരും വൃഥാ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇവിടെയാണ് ദൈവരാജ്യം യാഥാർത്ഥ്യമായിട്ടുള്ളത്. യേശുവിന്റെ ആദ്യവരവിങ്കൽ അത് ആഗതമായിക്കഴിഞ്ഞു. ആകയാൽ മറ്റൊന്നിനായി നാം ഭാവിയിൽ വരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ഇന്നാകുന്നു രക്ഷാദിവസം ഇപ്പോഴാകുന്നു സുപ്രസാദകാലം. ആകയാൽ ഇന്ന് നമുക്ക് സമാധാനത്തിന്റെയും ആശ്വാസത്തിന്റെ അനുഗ്രഹത്തിന്റെയും ദൈവരാജ്യത്തിൽ പ്രവേശിക്കാം.

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട, നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നൽകുവാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കോ. 12: 32).

ഗോസ്പൽ ട്രൂത്ത് എന്ന ഈ മാധ്യമത്തിലൂടെ പ്രവർത്തിക്കുന്നതിൽ ഞാൻ നന്ദി അർപ്പിക്കുന്നു. കഴിഞ്ഞ കുറേ മാസങ്ങളായി എന്റെ ജീവിതത്തിലുള്ള ഏറ്റവും താഴെയുള്ള താഴ്വരയിലൂടെ ഞാൻ നടക്കുകയായിരുന്നു. ഞാൻ പൂർണ്ണമായും താഴ്വരയിൽ നിന്നും വിടുതൽ പ്രാപിക്കാതിരുന്നപ്പോഴും ദൈവം എന്നെ ബലപ്പെടുത്തുകയും ഈ പത്രിക ഏഴുതുവാൻ പ്രാപ്തനാക്കുകയും ചെയ്തു. ഒരുമാസം മുമ്പ് ഞാൻ വളരെ അശക്തനായപ്പോൾപോലും ഇതിന്റെയൊക്കെ നടുവിലും ദൈവം എന്റെ കൂടെ ഉണ്ടായിരുന്നു. പാതിരാത്രിയുടെ യാമങ്ങളിൽ പ്രത്യേകിച്ചും കഴിഞ്ഞുപോയ എത്രയോ സന്ദർഭങ്ങളിൽ ഞാൻ യേശുവിനോടു പറഞ്ഞു: "നീ എന്റെ സ്നേഹിതനായിരക്കുന്നതിൽ നന്ദി കർത്താവേ" വീണ്ടും വീണ്ടും തന്റെ സ്നേഹവും ശക്തിയും എന്റെ മേൽ പകർന്ന് എന്നോടുള്ള തന്റെ സ്നേഹം എത്ര വലുതാണെന്ന് തെളിയിച്ചു. നമുക്ക് യേശുവുമൊത്ത് കഷ്ടത അനുഭവിപ്പാനാകും അല്ലെങ്കിൽ അവനെ കൂടാതെ കഷ്ടത അനുഭവിക്കാമെന്ന് ആരോ ഒരാൾ എന്നോടു പറയുകയുണ്ടായി. എന്റെ രക്ഷകനോടൊത്ത് കഷ്ടതയനുഭവിപ്പാൻ എനിക്ക് ലഭിച്ച ഭാഗ്യപദവിയെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ജീവിതത്തിലെ പരിശോധനകളുടെ കൊടുങ്കാറ്റിൽ ദൈവീക കരങ്ങൾ നൽകുന്ന അഭയത്തെക്കാൾ വലിയ സുരക്ഷിതത്വം വറെയില്ല. മാനസീകവ്യഥകളും പ്രയാസങ്ങളും ജീവിത മദ്ധ്യേ കടന്നു വരുമെങ്കിലും ദൈവീക സാന്നിദ്ധ്യം നൽകുന്ന ശക്തിയും ധൈര്യവും വരും ദിവസങ്ങളെ അഭിമുഖീകരിപ്പാൻ കരുത്തു പകരുന്നു. "എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു" എന്ന് ഇയ്യോബിനോടു ചേർന്നു എനിക്കും പറയാൻ കഴിയും. ജീവിതത്തിൽ എല്ലാ മുള്ളുകളും സാത്താന്റെ ദൂതന്മാരും എന്നെ കൈകാര്യം ചെയ്യുമ്പോഴും ധാരാളം ദൈവീക അനുഗ്രങ്ങളും സ്വർഗ്ഗീയ ദൂതന്മാരുടെ പിന്തുണയും എനിക്ക് അനുഭവിപ്പാൻ കഴിയുന്നു. ദൈവീക കുടുംബത്തിന്റെ ഭാഗമാകാൻകഴിഞ്ഞത് എന്തൊരു ഭാഗ്യമാണ്! ഒരാൾ കഷ്ടമനുഭവിക്കുമ്പോൾ നാമല്ലാവരു വേദനിക്കുന്നു. എന്നെയും എന്റെ കുടുംബത്തെ ഓർത്തു പ്രാർത്ഥിക്കുന്ന ഓരോരുത്തർക്കും ഞാൻ നന്ദിയർപ്പിക്കുന്നു. പ്രസ്തുത പ്രാർത്ഥനകളൊന്നും വ്യഥാവല്ല.

ദൈവരാജ്യത്തിലെ ഒരു പൗരൻ എന്ന നിലയിൽ ഞാൻ അനുഗ്രഹീതനാണ്. ഈ പത്രികയിലൂടെ ഞാൻ ദൈവരാജ്യത്തിന്റെ അതിശയകരമായ സത്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്. ദൈവരാജ്യത്തിലെ സത്യത്തിന്റെ സമ്പൂർണ്ണതയും അസാധാരണ സൗന്ദര്യവും വിവരിക്കുവാൻ സ്ഥലപരിമിതിമൂലം കഴിഞ്ഞില്ല. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇതുവായിക്കുന്നവരിൽ വ്യാപരിച്ച് പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയട്ടെ എന്നാണെന്റെ പ്രാർത്ഥന. സമാധാനവും സമൃദ്ധിയും നിറഞ്ഞ ഒരു അക്ഷരീകമായ രാജത്വം ഈ ഭൂമിയിൽ ഭാവിയിൽ സ്ഥാപിക്കപ്പെടുമെന്ന് അനേകർ പ്രതീക്ഷിക്കുന്നു. എന്നാൽ ദൈവരാജ്യം ഇവിടെ ഇപ്പോൾ തന്നെ ഞാൻ അനുഭവിക്കുകയാണ്. എന്റെ പുറമേയുള്ള മനുഷ്യൻ നാൾക്കുനാൾ ക്ഷയിക്കുകയായണെങ്കിലും അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. ഒരിക്കലും നശിക്കാത്ത ആത്മീയ രാജത്വത്തിന്റെ ഒരു ഭാഗം തന്നെയാണ് ഞാൻ. കൊടുങ്കാറ്റ് ആഞ്ഞു വീശിയാലും പാതാളഗോപുരങ്ങൾ ദൈവരാജ്യത്തെ ജയിക്കുകയില്ല. ഈ ലോകത്തിന്റെ ധനത്തിനും മാനത്തിനും പകരമായി ഞാൻ എന്റെ ദൈവരാജ്യപൗരത്വം വിറ്റുകളയുകയില്ല.

നമ്മുടെ രാജാവും കർത്താവുമായവന് വേണ്ടി നമുക്ക് സത്യസന്ധമായി, വിശ്വസ്തതയോടെ നിൽക്കാം. അവനിലത്രെ സർവ്വബുദ്ധിയെയും കവിയുന്ന ദിവ്യസമാധാനം! ഈ ദൈവരാജ്യ അനുഗ്രഹങ്ങൾ ഞാനാസ്വദിക്കുമ്പോഴും, സ്വർഗ്ഗീയ നിത്യതയും ഞാൻ പ്രത്യാശയോടെ നോക്കി കാണുന്നു.

– മൈക്കിൾ. ഡബ്ല്യൂ. സ്മിത്ത്

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org

# വേദപുസ്തക പഠനസഹായി

## വിഷയം : ദൈവരാജ്യം



## ഇതിൽ കാര്യമുണ്ടോ?

"നിങ്ങൾക്കാവശ്യമുള്ളത് നിങ്ങൾ വിശ്വസിക്കുക. എനക്കാവശ്യമുള്ളത് ഞാനും വിശ്വസിക്കുന്നു. നാമെല്ലാവരും ഒരേ സ്ഥലത്തേക്കല്ലേ പോകുന്നത്. ഉപദേശത്തിലൊന്നും ഒരു കാര്യവുമില്ലന്നെ" നാമധേയ ക്രിസ്ത്യാനികൾ പൊതുവെ പറയാറുണ്ട്.

ദൈവശാസ്ത്രത്തെക്കുറിച്ചും വേദപുസ്ത സത്യങ്ങളെക്കറിച്ചുമുള്ള തെറ്റായ ഒരു ധാരണയാണിത്.

ദൈവരാജ്യത്തിന്റെ സത്യസന്ധമായ ഉപദേശം ആത്മീയ ദൈവരാജ്യം എന്നതാണ് കാര്യം. ഈ യാഥാർത്ഥ്യം നിലനില്ക്കേ, മനുഷ്യൻ തന്റെ ദൈനംദിന ജീവിത യാത്രയിൽ ആത്മീക ദൈവരാജ്യത്തിന്റെ പ്രാധാന്യത ഉൾക്കൊണ്ട് ജീവിക്കേണ്ടതും ഒരിക്കലും സംഭവിക്കാത്ത അക്ഷരീകമായ രാജ്യത്തിന്റെ നിറവേറലിനായി കാത്തിരിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

പാപികൾക്ക് രക്ഷപ്രാപിക്കുവാൻ മറ്റൊരു അവസരം ഇനി ശേഷിക്കുന്നില്ല. ദൈവവുമായി സമാധാനബന്ധം സ്ഥാപിക്കുവാൻ രണ്ടാമതൊരു അവസരം ഭാവിയുഗത്തിലുണ്ടാവില്ല. "ഇപ്പോഴാകുന്നു രക്ഷാദിവസം"

**ഇതിൽ കാര്യമുണ്ട്**

**വായനഭാഗം:**

ലൂക്കോസ് 1: 31–33 "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്ന് പേർവിളിക്കണം. അവൻ വലിയവൻ ആകും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല. എന്നു പറഞ്ഞു".

**രത്ന ചുരുക്കം:** ദൈവരാജ്യം എന്നത് ഭാവിയിൽ സ്ഥാപിക്കപ്പെടാൻ പോകുന്ന അക്ഷരീകമായ രാജത്വമല്ല, മറിച്ച് യേശുക്രിസ്തുവിനാൽ നമ്മുടെ ഹൃദയങ്ങളിൽ സ്ഥാപിക്കപ്പെടുന്ന ആത്മീയ രാജത്വത്തെ കുറിച്ചത്രെ അർത്ഥമാക്കുന്നത്.

**I രാജത്വത്തിന്റെ സ്ഥാനം**

A. യോഹന്നാൻ 18: 36–37 ഐഹീകമല്ല.

B. ലൂക്കോസ് 17: 20–21 അത് നമ്മുടെഇടയിൽ

**II ഈ രാജത്വം ആത്മീകമാകുന്നു.**

A റോമർ 14: 17 നീതി, സമാധാനം, സന്തോഷം

B 1 കൊരി 4: 20 രാജത്വത്തിന്റെ ശക്തി.

**III രാജ്യസ്ഥാപന സമയം:**

A ലൂക്കോസ് 16: 16, യോഹന്നാൻ സ്നാപകന്റെ ദൈവരാജ്യ പ്രസംഗം

B ലൂക്കോസ് 4: 43, യേശുവിന്റെ രാജത്വപ്രസംഗം

C മർക്കൊസ് 1: 14–15 കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പീൻ എന്നു പറഞ്ഞു.

D മർക്കൊസ് 9: 1 ശിഷ്യന്മാരുടെ മരണത്തിനു മുമ്പേ ദൈവരാജ്യ സ്ഥാപനം.

E അപ്പൊ. 1: 1–3 പരിശുദ്ധാത്മാവിന്റെ വാഗ്ദത്ത നിവർത്തീകരണം

**IV രാജ്യത്തിലേക്കുള്ള പ്രവേശനം**

A യോഹന്നാൻ 3: 3, വീണ്ടും ജനനം പ്രാപിക്കണം.

B. ലൂക്കോ. 16: 6 അതിനെ കൈവശമാകുവാൻ ഉത്സാഹമുള്ളവരാകുക

**V ദൈവരാജ്യത്തിലെ വാഴ്ച**

A വെളി. 1: 5–6 അവൻ നമ്മെ രാജകീയ പുരോഹിതരാക്കിത്തീർത്തു.

B 1 പത്രൊ. 2: 9–10 തെരഞ്ഞെടുക്കപ്പെട്ട ജാതിയും ഒരു വിശുദ്ധ വംശവും.

C റോമർ 6: 14–15 പാപത്തിന്മേലുള്ള നമ്മുടെ ശക്തി.

D. 1 യോഹ. 5–4 ലോകത്തിന്മേലുള്ള ശക്തി

E വെളി. 15: 2–3 ദുരുപദേശത്തിന്മേലുള്ള ജയജീവിതം.

F ലൂക്കോസ് 10: 17–20 പിശാചിന്മേലുള്ള ശക്തി.

**VI സ്ഥാപിതമായ ദൈവരാജ്യത്തിന്റെ തെളിവ്**

A എബ്രായർ 12: 28 നാം ഒരു രാജത്വം സ്വീകരിച്ചു.

B കൊലൊ. 1: 12–13 അവൻ നമ്മെ രാജ്യത്തിനവകാശികളാക്കിത്തീർത്തു.

C വെളി. 1: 9 രാജ്യത്തിൽ ആയിരുന്ന യോഹന്നാൻ

**VII രാജത്വത്തിന്റെ കാലയളവ്**

A യെശയ്യ 9: 6–7 എന്നെക്കുമായി സ്ഥാപിക്കപ്പെട്ടു

ദാനിയേൽ 2: 44 ഒരിക്കലും തകരാത്ത

**വെല്ലുവിളി**

ലൂക്കോ. 12 : 31–32
അവന്റെ രാജ്യം അന്വേഷിപ്പീൻ അതോടുകൂടെ നിങ്ങൾക്ക് ഇതും കിട്ടും. ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടരുത്. നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നൽകുവാൻ പ്രസാദിച്ചിരിക്കുന്നു.

# ദൈവരാജ്യം

## –ബൈബിൾ പഠന ഉപപാഠം–

**യഹൂദന്മാർ രാഷ്ട്രീയ മോചനം അന്വേഷിച്ചു**

റോമാ ഭരണകൂടത്തിന്റെ അധീനതയിലായിരുന്ന യഹൂദജനം മശിഹാ വരുമ്പോൾ റോമൻ ആധിപത്യത്തിൽ നിന്നും അവരെ വിടുവിച്ച് മശിഹാ സ്ഥാപിക്കുന്ന രാജ്യത്തിലെ പ്രജകളായിരിക്കുവാൻ കാത്തിരുന്നു. ദൈവപുത്രൻ അധികാരത്തോടെ വാഴുമ്പോൾ സമാധാനവും സൗഖ്യവും വിടുതലും ഉള്ള സമയത്തെക്കുറിച്ച് പ്രവാചകന്മാർ മുൻപുകൂട്ടി പറഞ്ഞത് അവൻ വായിച്ചിരുന്നു. അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിനു മുൻ അവരും ക്രിസതുവിനോട് കർത്താവേ നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനമാക്കി കൊടുക്കുന്നത് എന്ന് ചോദിച്ചു (അ.പ്ര. 1: 6) ഒരു ജനത എന്ന നിലയിൽ യഹൂദന്മാർക്ക് രാജ്യം പുന:സ്ഥാപിച്ച് കിട്ടാതിരുന്നതിനാൽ ക്രിസ്തുവിനെ അവർ ദൈവപുത്രൻ എന്ന് അംഗീകരിക്കാതെ തള്ളിക്കളഞ്ഞു. അവരും മറ്റ് അനേകം നാമധേയ ക്രിസ്ത്യനികളും മശിഹാ വന്ന് അവിടുത്തെ രാജ്യം ഈ ലോകത്തിൽ സ്ഥാപിക്കുന്ന ഒരു സമയത്തെ കാത്തിരിക്കുന്നുണ്ട്. എന്നാൽ അത് ഒരിക്കലും വരുകയില്ല. ദൈവത്തിന്റെ വചനം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നത് ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ ആ രാജ്യം സ്ഥാപിക്കപ്പെട്ടു എന്നാണ്. ഭാവിയിൽ ഒരു കാലത്ത് ദൈവരാജ്യം സ്ഥാപിക്കപ്പെട്ട് കാണുവാൻ കാത്തിരിക്കുന്നവർ ഇപ്പോൾ ഇവിടെയുള്ള ദൈവരാജ്യത്തിന്റെ സന്തോഷവും ആനന്ദവും നഷ്ടപ്പെടുത്തുകയാണ്.



"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (മർക്കൊസ് 1: 15).

**ദൈവരാജ്യം ഐഹികമല്ല.**

മശിഹാ വന്ന് അക്ഷരീകമായ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നത് ജനം കാത്തിരിക്കുകയാണ് എന്ന് യേശു അറിഞ്ഞിരുന്നു. അതുകൊണ്ട് ക്രൂശീകരണത്തിനു മുമ്പ് പീലാത്തോസിനോട് "എന്റെ രാജ്യം ഐഹികമല്ല; എന്റെ രാജ്യം ഐഹീകമായിരിന്നു എങ്കിൽ എന്നെ യഹൂദരന്മാരുടെ കയ്യിൽ ഏല്പിക്കാത്തവണ്ണം എന്റെ ചേവർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹീകമല്ല എന്ന് യേശുപറഞ്ഞു (യോഹ. 18: 36). ദൈവരാജ്യം അക്ഷരീകമായി ഈ ഭൂമിയിൽ ആകുന്നു എന്നു പഠിപ്പിക്കൽ ഈ വചനത്തെ മാറ്റിക്കളയുന്നു. ദൈവരാജ്യം എപ്പോൾ വരും എന്ന് പരീശന്മാർ ചോദിച്ചതിന് "ദൈവരാജ്യം കാണത്തക്കവണ്ണല്ല വരുന്നത്; ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ എന്ന് യേശു ഉത്തരം പറഞ്ഞു" (ലൂക്കോ. 18: 20-21). ഭൂമിയിലെപ്പോലെ ഒരു സിംഹാസനവും രാജാവും ഉള്ള രാഷ്ട്രീയ അധികാരമല്ല ദൈവരാജ്യത്തിന് ഉള്ളത്.

**ദൈവരാജ്യം ആത്മീകമാണ്.**

ദൈവരാജ്യം ഓരോ ദൈവമക്കളുടെയും ഹൃദയത്തിലെ ആത്മീക സാമ്രാജ്യമാണ്. അത് ഓരോ വിശ്വാസിയുടെയും ജീവിതത്തിലെ നീതിയും സമാധാനവും പരിശുദ്ധാത്മാവിലെ സന്തോഷവും ആകുന്നു. ഭരണകൂടങ്ങളുടെ ബാഹ്യമായ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായതല്ല യഥാർത്ഥ സമാധാനം. ഹൃദയത്തിൽ ദൈവത്തിന്റെ പ്രവർത്തിയുടെ ഫലമായാണ് സമാധാനം വരുന്നത്. "സമാധാനം ഞാൻ നിങ്ങൾക്കുതന്നിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു" എന്ന് യേശു പറഞ്ഞു (യോഹ. 14: 27).

**യേശു ദൈവരാജ്യം സ്ഥാപിച്ചു.**

ദൈവരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുക എന്ന അഭ്യർത്ഥനയുമായാണ് സ്നാപകയോഹന്നാൻ ശുശ്രൂഷ ആരംഭിക്കുന്നത്. ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു. അന്നു മുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു. എല്ലാവരും ബലാല്ക്കാരേണ അതിൽ കടക്കുവാൻ നോക്കുന്നു (ലൂക്കോ. 16: 16) "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വിസിക്കുവിൻ" എന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (മർക്കൊസ് 1: 15). ദൈവരാജ്യം ഭാവികാലത്തിൽ വരുവാനുള്ളതല്ല അത് യേശുക്രിസ്തുവിനാൽ സ്ഥാപിതമായി. "പിന്നെ അവൻ അവരോട്: ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മർക്കൊസ് 9: 1).

**ഈരാജ്യത്തിൽ നമുക്ക് എങ്ങനെ പ്രവേശിക്കാം?**

യേശു നിക്കൊദെമോസിനോട് പറഞ്ഞു "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല (യോഹ. 3: 3). പാപങ്ങളെക്കുറിച്ച് അനുതപിച്ച് യേശുവിനെ ജീവിതത്തിൽ രാജാവായി അംഗീകരിക്കുമ്പോൾ മനുഷ്യൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു. പെന്തക്കോസ്തുനാളിൽ വിശ്വാസികളുടെ ഹൃദയം പരിശുദ്ധാത്മാവിനാൽ പൂർണ്ണമായി നിറച്ച് ദൈവരാജ്യത്തിന്റെ ശക്തി അവരിൽ പകർന്നു (അ.പ്ര. 2). പരിശുദ്ധാത്മാവിന്റെ വര

ങ്ങളിൽ ലഭിക്കുന്ന ശക്തി, സമാധാനം സന്തോഷം, നേതൃത്വം, വിശുദ്ധി എന്നിവയിൽ കൂടി ദൈവരാജ്യത്തിന്റെ പൂർണ്ണത അനുഭവിക്കുവാൻ കഴിയും.

**ദൈവരാജ്യത്തിൽ വാഴുന്നത്**

യേശു “പിതാവായ ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കി തീർത്തിരിക്കുന്നു” (വെളി. 1: 6). ക്രിസ്ത്യാനികൾ ഈ ആത്മീക സാമ്രാജ്യത്തിൽ പാപം, സ്വയം, ലോകം, വ്യാജമതം എന്നിവയുടെ മേൽ ജയം നേടുന്നു. ക്രിസ്തു ഇന്ന് അവിടുത്തെ സഭയുടെമേൽ ഭരണം നടത്തുന്ന സർവ്വശക്തിയുള്ള രാജാവും (കൊലൊ. 1: 18). വിശ്വാസികളുടെ ഹൃദയതത്തിൽ തന്റെ നിയമങ്ങളും എഴുതുന്നു. യേശു വിടുവിക്കുകയും സൗഖ്യമാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു.

**എല്ലാവർക്കും പ്രവേശനം**

ദൈവരാജ്യത്തിന്റെ കെട്ടുപണി എല്ലാവ്യക്തികൾക്കും യേശുക്രിസ്തുവിൽ കൂടി അതിൽ പ്രവേശിക്കുവാൻ കഴിയുന്ന വിധമാണ്. “ആകയാൽ നാം ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്യുക” (എബ്രാ. 12: 28). ദൈവരാജ്യം മുമ്പുകൂട്ടി പ്രവച്ചിരുന്നതും, യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിങ്കൽ അത് നിവൃത്തിയാകുകയും ചെയ്തു. അവിടുത്തെ രാജ്യം എന്നെന്നേയ്ക്കും നിലനില്ക്കുന്നതും അവസാനം ഇല്ലാത്തതും ആകുന്നു (യെശ. 9: 6–7).



കുറിപ്പ്: യേശുക്രിസ്തു രണ്ടാമത് വരുന്നത് സകലജനത്തെയും ദൈവത്തിന്റെ ന്യായവിധിയിലേക്ക് നയിക്കുവാനാണ്. ഈ കാണുന്ന ലോകം നശിപ്പിക്കപ്പെടും (2 പത്രൊസ് 3: 10–12). നീതിമാന്മാർ സ്വർഗ്ഗത്തിൽ പ്രവേശനം നേടുകയും അനീതിയുള്ളവർ എന്നെന്നേയ്ക്കുമായി നിത്യ നരകത്തിലേയ്ക്കും തള്ളപ്പെടും. അടുത്ത ലക്കം അതിനെക്കുറിച്ച് പഠിക്കാം.

MWS

## ഒരു രാജ്യം സ്ഥാപിക്കുവാനും നിലനിൽക്കുവാനും ആവശ്യം വേണ്ട ഘടകങ്ങൾ

എച്ച്. എം. റിഗിളിന്റെ കൃതിയുടെ സംഗ്രഹം 1902



**1. ഭരിക്കുവാൻ ഒരു രാജാവ്.**

മത്തായി 21: 4–5 സീയോൻ പുത്രിയോട് ഇതാ നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു.

കൊലൊസ്യർ1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിനും താൻ മുമ്പൻ ആകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി ഏഴുന്നേറ്റവനും ആകുന്നു.

**2. രാജാജ്ഞ പുറപ്പെടുവിക്കുന്ന ഒരുസിംഹാസനം**

എബ്രായർ 1: 8 പുത്രനോടോ: ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേയ്ക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ ആകുന്നു.

എബ്രായർ 4: 16 അതുകൊണ്ട് കരുണലഭിക്കുവാനും തത്സമയത്ത് സഹായത്തിനുള്ള കൃപപ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക.

**3. രാജാവിന്റെ പരിപാലനത്തിൽ പെട്ട ഒരു രാജ്യം**

മത്തായി 28:18 യേശു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.

**4. ഭരണം നടത്തുവാൻ ആ രാജ്യത്തിൽ ഒരു ജനത**

യാക്കോബ് 4: 7 നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ 1 പത്രോ. 3: 22. അവൻ സ്വർഗ്ഗത്തിലേക്ക് പോയി ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന് കീഴ്പ്പെട്ടിരിക്കുന്നു.

**5. ജനതകളെ ഭരിക്കുവാൻ ഒരു നിയമം**

എബ്രായർ 8: 10. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും.

**ഉപസംഹാരം**

ഈ ഘടകങ്ങൾ എല്ലാം ഇപ്പോൾ ഉള്ളതും ഈ കൃപാകാലത്തിൽ പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു. യേശുക്രിസ്തു സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവ് തന്റെ ജനത്തോടുകൂടെ വസിക്കുകയും ചെയ്യുന്നു. അവിടുന്ന് സഭയുടെ തലവനായി സിംഹാസനത്തിൽ ഇരിക്കുന്നു. അവിടുത്തെ വിശുദ്ധന്മാരുടെ ഹൃദയത്തിലുള്ള വിശുദ്ധിയുടെ പ്രമാണം അവരുടെ ജീവിതത്തെ ഭരിക്കുന്നു. അതുകൊണ്ട് ദൈവരാജ്യം ഇപ്പോൾതന്നെ സ്ഥാപിതമാണ്.

# ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രവചനവും...
## അതിന്റെ നിവൃത്തിയും

| പ്രവചനം | നിവൃത്തി |
|---|---|
| യെശയ്യാ 2: 2-4 ദൈവത്തിന്റെ ആലയം സ്ഥാപിതമായി (മീഖാ 4: 1-7) | എബ്രായർ 12: 22-23 നിങ്ങൾ വന്നിരിക്കുന്നത് സീയോൻ പർവ്വതത്തിൽ |
| സങ്കീർത്തനം 2: 6-9 പുത്രന്റെ രാജ്യം | അ.പ്ര. 13: 33 യേശുവിനെ ഉയർത്തെഴുന്നേല്പിച്ചു. |
| സങ്കീർത്തനം 110: 1-3 യഹോവ സീയോനിൽ വാഴുന്നു. | അ.പ്ര. 2: 30. 32 - 36 യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു |
| ദാനിയേൽ 7: 14 അവൻ ആധിപത്യവും മഹത്വും രാജത്വവും ലഭിച്ചു. | എഫേസ്യർ 1: 20-22 എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും മീതെ ക്രിസ്തുവിനെ തലയാക്കിവെച്ചു. |
| യെശ. 35: 6-7 വ്യാധിയും ദീനവും സൗഖ്യമാക്കും | മത്തായി 4: 23-24; 8: 16-17 സകല ദീനത്തെയും വ്യാധിയേയും യേശു സൗഖ്യമാക്കി. |
| യെശ. 35: 6-7 വരണ്ട നിലം നീരുറവുകളാകും | യോഹ. 4 : 14 യേശു ജീവജലം കൊടുക്കുന്നു. യോഹ. 6: 35 യേശുവിൽ വിശ്വസിക്കുന്നവന് ഒരുനാളും വിശക്കുകയുമില്ല ദാഹിക്കുകയുമില്ല. |
| മീഖാ 4: 3-4 ആരെയും ഭയപ്പെടാതെയുള്ള സമാധാനം | യോഹന്നാൻ 14: 27 യേശു സമാധാനം ആകുന്നു. |



**സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്.**

# ചോദ്യവും ഉത്തരവും

**ചോദ്യം: യെശയ്യാവ് : 11-ാം അദ്ധ്യായത്തിൽ വന്യമൃഗങ്ങൾ ഒരുമിച്ച് സമാധാനത്തോടെ വസിക്കുന്നതിന്റെ അർത്ഥം എന്ത്?**

ഉത്തരം : ചോദ്യത്തിലെ വേദഭാഗം നമുക്ക് നോക്കാം.

“ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും, അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്നതുപോലെ വൈക്കോൽ തിന്നും മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇട്ടും” (യെശ. 11: 6-8).

ക്രിസ്തുവിന്റെ രാജ്യം ഈ ലോകത്തിൽ സ്ഥാപിക്കുമ്പോൾ പുള്ളിപ്പുലിയും കോലാട്ടുകുട്ടിയും ചെന്നായും കുഞ്ഞാടും മുതലായ മൃഗങ്ങൾ എല്ലാം ഒരുമിച്ച് ആയിരമാണ്ട് പാർക്കുന്ന വിവരണം വളരെ മനോഹരവും പ്രധാന്യം അർഹിക്കുന്നതുമാണ്. യെശ. 11-ാം അദ്ധ്യായത്തിന്റെ പശ്ചാത്തലത്തിൽ അതു അങ്ങനെ വ്യാഖ്യാനിക്കുന്നത് വചന പ്രകാരം തെറ്റാണ്. മൃഗങ്ങൾ ഉൾപ്പടെ അക്രമരഹിതവും സമാധാനവും നിറഞ്ഞതുമായ ഒരു ലോകത്തെ ജനം ഭാവനയിൽ സ്വപ്നം കാണുന്നു. ലോകത്തിന്റെ ആ മഹത്വത്തെ വർണ്ണിക്കുവാൻ മനുഷ്യൻ അതിന്റെ മനോഹര ചിത്രങ്ങൾ വിവരിക്കുന്നു.

ദൈവരാജ്യം ആത്മീക രാജ്യം ആയതിനാൽ അത് ഈ ലോക രാജ്യം അല്ല എന്ന് യേശു പഠിപ്പിച്ചു. യേശുക്രിസ്തുവിൽകൂടെ ലഭിക്കുന്ന രക്ഷയുടെ അത്ഭുതമാർന്ന സമാധാനത്തിന്റെയും ഐക്യതയുടെയും മനോഹരമായ വിവരണമാണ് യെശയ്യാ 11-ാം അദ്ധ്യായത്തിൽ പ്രതീകാത്മകമായി കാണുന്നത്. ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തിനായി നാം ഇനി കാത്തിരിക്കേണ്ടതില്ല; അത് മശിഹായുടെ ആദ്യത്തെ വരവിൽ നിവൃത്തി ആയി.

ഈ പ്രവചനത്തിന്റെ ശരിയായ സന്ദർഭം മനസ്സിലാക്കുവാൻ അതിനോടു ചേർന്നുള്ള ചില വാക്യങ്ങൾ നോക്കാം. “എന്നാൽ യിശ്ശായിയുടെകുറ്റിയിൽ നിന്ന് ഒരു മുളപൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ് ഫലം കായ്ക്കും” (11: 1). ഇതും തുടർന്നുള്ള വചനങ്ങളും ദാവീദിന്റെ പിതാവായ യിശ്ശായുടെ വംശപരമ്പരയിൽപ്പെട്ട ക്രിസ്തുവിനെക്കുറിച്ചല്ലാതെ മറ്റ് ആരെയുമല്ല സൂചിപ്പിക്കുന്നത്. “അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചു വരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും (യെശ. 11: 10). ക്രിസ്തുവിനെക്കുറിച്ച് വീണ്ടും ഈ സൂചനകൾ യിരെമ്യാവ് 23: 5; വെളിപ്പാട് 5: 5 വാക്യങ്ങളിൽ വായിക്കുന്നത് ദാവീദിന് നീതിയുള്ളൊരു മുള, യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ എന്നുമാണ്.



ഇവിടെ ഉദ്ധരിച്ചിരിക്കുന്ന മൃഗങ്ങൾക്ക് അക്ഷരീക അർത്ഥം കല്പിക്കാതെ മനുഷ്യനിൽ അവയ്ക്ക് സമാനമായി കാണുന്ന മൃഗീയ സ്വഭാവത്തെക്കുറിച്ചാണ് എന്ന് മനസ്സിലാക്കുക.

അപ്പൊസ്തലനായ പൗലൊസ് യെശ. 11-ൽ നിന്ന് ഉദ്ധരിച്ച് വായനക്കാരെ ഉണർത്തുന്നത് ക്രിസ്തുവിൽ നിറവേറ്റപ്പെട്ടതിനെയാണ്. “സകല ജാതികളുമായുള്ളോരെ കർത്താവിനെ സ്തുതിക്കുവിൻ, സകല വംശങ്ങളും അവനെ സ്തുതിക്കട്ടെ” എന്നും പറയുന്നു. “യിശ്ശായിയുടെ വേരും ജാതികളെ ഭരിക്കുവാൻ എഴുന്നേല്ക്കുന്നവനുമായവൻ ഉണ്ടാകും. അവനിൽ ജാതികൾ പ്രത്യാശ വയ്ക്കും” എന്നു യെശയ്യാവ് പറയുന്നു. എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ (റോമർ 15: 8-13).

റോമിലുള്ള സഭയോട് പൗലൊസ് നിർദ്ദേശിക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവരാജ്യത്തിലേക്ക് പ്രവേശിച്ച ജാതികളെയും സ്വീകരിക്കണം എന്നാണ്. ക്രിസ്തുവിനെ ക്രൂശിച്ച് അവിടുന്ന് മരിച്ച് ഉയർത്തെഴുന്നേറ്റപ്പോൾ സകല മാനരാശിക്കും ദൈവരാജ്യത്തിലേക്ക് പ്രവേശനം സാദ്ധ്യമായി. യെഹൂദാ ക്രിസ്ത്യാനികളെ മാത്രമല്ല വിജാതിയരായ ക്രിസ്ത്യാനികളെയും ക്രിസ്തു ഭരിക്കുന്നു. “അവൻ സ്വന്തത്തിലേയ്ക്കു വന്നു; സ്വന്തമായവരോ അവനെ കൈകൊണ്ടില്ല. അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ

വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1: 11-12).

യെശയ്യാ: 11 : 10-ൽ സൂചിപ്പിക്കുന്ന വിശ്രാമത്തെക്കുറിച്ച് ക്രിസ്തു തന്നെ വിശ്വാസികൾക്ക് പരിചയപ്പെടുത്തി കൊടുത്തിട്ടുള്ളതാണ്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11: 28) എന്നായിരുന്നു മശിഹായുടെ ദൂത്. പ്രവചനത്തിലെ അത്ഭുതമാർന്ന ആ സമാധാനവും വിശ്രാമവും ക്രിസ്തു മുഖാന്തരം ലോകത്തിനു ലഭിച്ച സമാധാനത്തെ നേരിട്ട് സൂചിപ്പിക്കുന്നു. മശിഹായുടെ ജനന സമയത്ത് "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോസ് 2: 14) എന്ന് മാലാഖമാർ പ്രഖ്യാപിച്ചതുകൊണ്ട് പ്രസ്തുത വിശ്രാമത്തിൽ ആശ്ചര്യവും വേണ്ട.

തിരുവചനത്തിലെ ഈ അടിസ്ഥാനം കൊണ്ട് നമ്മുടെ ചോദ്യം വ്യാഖ്യാനിക്കാം. ഇന്നു ലോകത്തിൽ വരുന്ന സമാധാനത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ വിദൂരഭാവിയിലേക്ക് നോക്കുന്നതിനു പകരം ഭൂതകാലവും വർത്തമാനകാലവും പരിഗണിക്കണം എന്ന് നാം മനസ്സിലാക്കി. ജന്തുലോകത്തിൽ ഇന്നുവരെ അത്തരം ഒരു സമാധാനം ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്. ദൈവത്തിന്റെ രാജ്യം ആത്മീകവും യഥാർത്ഥ ദൈവമക്കൾക്ക് ഇപ്പോഴും സമാധാനവും വിശ്രാമവും ലഭിക്കുന്നുണ്ട് എന്നും ഓർക്കുക. അതുകൊണ്ട് നമ്മുടെ ചോദ്യത്തിന്റെ ആത്മീക തലത്തിലേയ്ക്ക് തിരിയാം. പ്രവചനങ്ങൾ സാധാരണ പ്രതീകാത്മ ഭാഷയിൽ ആയതിനാൽ യെശയ്യാ 11ഉം അങ്ങനെ തന്നെ പറയപ്പെട്ടിരിക്കുന്നു. ഇവിടെ ഉദ്ധരിച്ചിരിക്കുന്ന മൃഗങ്ങൾക്ക് അക്ഷരീക അർത്ഥം കല്പിക്കാതെ മനുഷ്യനിൽ അവയ്ക്ക് സമാനമായി കാണുന്ന മൃഗീയ സ്വഭാവത്തെക്കുറിച്ചാണ് എന്ന് മനസ്സിലാക്കുക. ഇങ്ങനെ പ്രതീകാത്മകമായി പഴയനിയമത്തിൽ മാത്രമല്ല പുതിയ നിയമത്തിലും ഉണ്ട്.

യെഹെസ്ക്കേൽ പ്രവാചകൻ പറഞ്ഞത് അതിന്റെ നടുവിലെ പ്രഭുക്കന്മാർ ലാഭം ഉണ്ടാക്കേണ്ടതിന് ഇര കടിച്ചു കീറുന്ന ചെന്നായ്ക്കളെപ്പോലെ രക്തം ചൊരിയുവാനും ദേഹികളെ നശിപ്പിക്കുവാനും നോക്കുന്നു എന്നും (യെഹെസ്ക്കേൽ 22: 27); യേശു ശിഷ്യന്മാരോട് പറഞ്ഞത് പോകുവിൻ; ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു (ലൂക്കോസ് 10: 3) എന്നും;



**പ്രകൃത്യാ ശത്രുക്കൾ ആയിരിക്കുന്നവർ പരസ്പരം സമാധാനത്തിലായിരിക്കുന്ന കഥ യേശയ്യാ 11: 6 – 8 പറയുന്നു... ബലഹീനനും ബലവാനും തമ്മിൽ എല്ലാം ശാന്തമായി ഒരുമിച്ചു വസിക്കുന്നു....**

ഹെരോദാവിനെ ഉദ്ദേശിച്ച്, "നിങ്ങൾ പോയി ആ കുറുക്കനോട്........ (ലൂക്കോസ് 13: 32) എന്നുമാണ്. ഈ വ്യക്തികൾ മൃഗങ്ങളുടെ സ്വഭാവത്തിനോട് സാദൃശ്യപ്പെടുത്തി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ചെന്നായ്ക്കൾ മറ്റുള്ളവരെ നശിപ്പിക്കുവാൻ പുറപ്പെടുന്ന വ്യക്തികളെ പ്രതിനിധാനം ചെയ്യുന്നു. സൗമ്യതയുടെയും താഴ്മയുടെയും പ്രതീകമാണ് കുഞ്ഞാട്. കുറുക്കൻ കൗശലത്തിന്റെ പ്രതീകവും.

ആയതിനാൽ യെശയ്യാവ് 11: 6-8 വാക്യങ്ങൾ പറയുന്നത് സ്വാഭാവികമായി ശത്രുതയിലിരിക്കുന്നവർക്ക് പരസ്പരമുള്ള സമാധാനത്തിന്റെ കഥയാണ്. വിവിധ പശ്ചാത്തലത്തിലും സ്വഭാവത്തിലും വ്യക്തിത്വത്തിലുമുള്ള ആളുകളുടെ അത്ഭുതമാർന്ന ഐക്യതയുടെ പ്രതീകമാണ്. സ്വഭാവം കൊണ്ട് എതിർക്കുവാൻ കഴിവില്ലാത്ത ആശരണർ. ശക്തന്മാരും വിഴുങ്ങിക്കളയുവാൻ കഴിവുള്ളവരുമായി ഒരുമിച്ച് ഐക്യതയിൽ വസിക്കുന്നതിനെ സൂചിപ്പിക്കുന്നു. ബലമുള്ളവരും ബലഹീനരും, ഇണങ്ങുന്നവരും ഇണങ്ങാത്തവരും, ദോഷമുള്ളതും ദോഷമില്ലാത്തതും ശാന്തമായി ഒരുമിച്ച് വസിക്കുന്നു. ഇത് എങ്ങനെ സാധിക്കും? അത് സാദ്ധ്യം എന്ന് മാത്രമല്ല ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യം കൂടിയാണ്. വിവിധ രാജ്യക്കാരും സ്വഭാവക്കാരും യേശുക്രിസ്തുവിൽ കൂടി ദൈവരാജ്യത്തിൽ പ്രവേശിക്കുന്ന അവരുടെ പഴയ സ്വഭാവം മാറിയിട്ട് പുതിയതായിത്തീരുന്നു (2കൊരി. 5: 17).

ദൈവത്തിന്റെ ജനം ഇന്ന് മശിഹായുടെ ഭരണത്തിലും ആധിപത്യത്തിലും സുരക്ഷിതരും ഐക്യതയും ഉള്ളവരാണ്.അവർ ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികൾ ആയതിനാൽ (2 പത്രോസ് 1: 4) പഴയ ശത്രുതയും ഭീകരമായ സ്വഭാവവും ജഡത്തിന്റെ താല്പര്യങ്ങളും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രൂപത്തിലേയ്ക്ക് മാറുന്നു. ഇങ്ങനെ ദൈവരാജ്യത്തിൽ ഇന്ന് നാം ആയിരിക്കുന്നത് എത്ര ആശ്ചര്യം നിഞ്ഞ അനുഭവമാണ്. യെശയ്യാ 11: 6-8 വാക്യങ്ങൾ ഇപ്പോഴുള്ള ദൈവരാജ്യ ഭരണത്തിന്റെ മനോഹരമായ ഒരു ചിത്രമാണ്.

യേശുക്രിസ്തുവിൽകൂടി ദൈവരാജ്യത്തിന്റെ അനുഗ്രഹമായ സമാധാവും സന്തോഷവും നാം ഈ ജീവിതത്തിൽ ഇവിടെ അനുഭവിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള ആ സമയം മുൻകൂട്ടി ദർശിക്കാം.

MWS

Printed matter only
**MALAYALAM EDITION**

## നിങ്ങൾക്ക് അറിയാമോ?

**വേദഭാഗം** ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു ഉല്പ. 6: 2

**കാലഘട്ടം :** നോഹയുടെ കാലത്ത് ദൈവം ഭൂമിയെ നശിപ്പിക്കുന്നതിനു മുമ്പ്

**ദൈവത്തിന്റെ പുത്രന്മാർ :** ശേത്തിന്റെ പിൻഗാമികളും ദൈവത്തെ പരിജ്ഞാനത്തിൽ ധരിച്ച് ആരാധിച്ച വിശ്വസ്തരും ധർമ്മനിഷ്ടന്മാരുമായവർ




**മനുഷ്യരുടെ പുത്രിമാർ :** കയീന്റെ പിൻഗാമികളും ദൈവത്തെ ഉപേക്ഷിച്ച് ജഡത്തിന്റെ പിന്നാലെ പോയവർ

**ഉപസംഹാരം :** അവിശ്വാസിയുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുന്ന വിശ്വാസി ആത്മീകമായി അധ:പതിക്കും.

## തക്കസമയത്ത് പറഞ്ഞ വാക്ക്

# ഞാൻ അന്ധകാരത്തിൽ ആയിരുന്നപ്പോൾ

"…..ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചം ആയിരിക്കുന്നു" മീഖാ. 7: 8 ജീവിതത്തിലെ അന്ധകാരം നിറഞ്ഞ സമയങ്ങളിൽ കർത്താവ് വന്ന് അവിടുത്തെ സ്നേഹത്തിന്റെയും സത്യത്തിന്റെയും വെളിച്ചം പകർന്ന് അന്ധകാരത്തെ തകർത്തു കളയുന്നു. ശാരീരികമായ വേദനയുടെയും മാനസികമായ വ്യഥയുടെയും ഹൃദയത്തകർച്ചയുടെയും നാളുകളിൽ സൗഖ്യത്തിന്റെയും കരുതലിന്റെയും സുരക്ഷിത വലയമായി കർത്താവിന്റെ സാന്നിദ്ധ്യം നമ്മോടുകൂടെ ഉണ്ടാകും.



മുന്നോട്ടോ പുറകോട്ടോ മാറുവാൻ കഴിയാതെ നിങ്ങൾ അന്ധകാരത്തിൽ ഇരിക്കുന്ന സമയം ജീവിതത്തിൽ വരാം. ഭാവി ഇരുളടഞ്ഞതും അനിശ്ചിതത്വം നിറഞ്ഞതായിരുന്നാലും കർത്താവിന്റെ വെളിച്ചത്തിൽ ആയിരുന്നാൽ സമാധാനം ലഭിക്കും. നാളയെ അഭിമുഖീകരിക്കുവാനുള്ള ധൈര്യവും ശക്തിയും നല്കുന്നത് കർത്താവിന്റെ വെളിച്ചമാണ്. നിങ്ങളുടെ അടുത്തു വന്നിരുന്ന് അവിടുത്തെ അംഗീകാരത്തിന്റെയും നിത്യസ്നേഹത്തിന്റെയും വെളിച്ചം നിങ്ങൾക്കു നൽകുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ലോകം കൂടുതൽ അന്ധകാരത്തിലേയ്ക്ക് മാറുന്നു, എന്നാൽ ദൈവവചനത്തിന്റെ നിത്യമായ സത്യം അന്ധകാരത്തിൽ നമുക്ക് വഴികാട്ടുന്ന വെളിച്ചം ആകുന്നു.

ഒരു പക്ഷേ ലോകം അന്ധകാരം മൂടിയതും നിങ്ങളുടെ സാഹചര്യങ്ങൾ നിറം മങ്ങിയതും ആകാം. എന്നാൽ യേശു ഈ ലോകത്തിലേയ്ക്ക് വന്നത് നിങ്ങളിലെ നിരാശ പ്രത്യാശയാക്കി മാറ്റുവാനാണ്. നാം അന്ധകാരത്തിൽ അധിക കാലം ഇരിക്കേണ്ടതില്ല. നമ്മുടെ സ്നേഹിതനും രക്ഷകനുമായ യേശു വന്ന് വെളിച്ചം നൽകുകയും ഹൃദയത്തിലെ ഭാരങ്ങളെ മാറ്റി സന്തോഷം പകരുകയും ചെയ്യും.

MWS

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**